പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6240 07.11.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ കൊറിയർ സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. യിൽ കൊറിയർ സർവ്വീസ് ആരംഭിച്ചിട്ട് എത്ര നാളായി; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ; | (എ) | 2015 നവംബർ മാസം മുതൽ കെ.എസ്.ആർ.ടി.സിയിൽ കൊറിയർ സർവ്വീസ് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. Trackon Private Ltd എന്ന കമ്പനിയുമായി ചേർന്ന് ലാഭം പങ്ക് വയ്ക്കൽ വ്യവസ്ഥയിലാണ് കൊറിയർ സർവ്വീസ് നടത്തുന്നത്. കൊറിയർ സർവ്വീസിലൂടെ ലഭിക്കുന്ന വരുമാനത്തിന് ആനുപാതികമായി കെ.എസ്.ആർ.ടി.സിക്ക് വിഹിതം ലഭിക്കും. നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ വിഹിതം പ്രതിമാസം രണ്ട് ലക്ഷം രൂപയാണ്.<br>വരുമാന വിഭജന ക്രമം<br>25 ലക്ഷം രൂപ വരെ 22%<br>50 ലക്ഷം രൂപ വരെ 27%<br>75 ലക്ഷം രൂപ വരെ 32%<br>1 കോടി രൂപ വരെ 35%<br>1 കോടിക്ക് മേൽ 40% |
| (ബി) | കൊറിയർ സർവ്വീസ് വഴി കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കുന്ന അധിക വരുമാനത്തിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) | കൊറിയർ സേവനം ആരംഭിച്ച 2015 നവംബർ മാസം മുതൽ 2016 ഏപ്രിൽ മാസം വരെ പ്രതിമാസം 2 ലക്ഷം രൂപ വീതം ലഭിച്ചിരുന്നു. മെയ് മാസം മുതൽ കൂടുതൽ തുക ലഭിച്ചു വരുന്നു.<br>2016 - മെയ് 2,00,211/- രൂപ<br>2016 - ജൂൺ 2,09,087/- രൂപ<br>2016 - ജൂലായ് 2,42,908/- രൂപ<br>2016 - ആഗസ്റ്റ് 2,97,464/- രൂപ<br>2016 - സെപ്റ്റംബർ 2,51,762/- രൂപ<br>എന്നീ ക്രമത്തിൽ വരുമാനം ലഭിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ